| | | |
|---|---|---|
| | എന്നാൽ, ഈ നിയമം ആരംഭിക്കുന്ന തീയതി മുതൽ മൂന്ന് വർഷം അവസാനിച്ചതിന് ശേഷം വരെ  ഈ വകുപ്പിന് കീഴിൽ അത്തരം ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടില്ല | |
| | (2) ഈ വകുപ്പിന് കീഴിലുള്ള എല്ലാ നിയമങ്ങളും അത് നിർമ്മിച്ച ഉടൻ തന്നെ, എത്രയും വേഗം പാർലമെന്ററിന്റെ  ഓരോ സഭകളുടെ മുമ്പിലും നൽകേണ്ടതാണ്. | |
| അസാധുവാക്കലും (റദ്ദാക്കലും) പരിരക്ഷണവും (നിലനിർത്തലും) | 43. (1) ഇന്ത്യയുടെ സമുദ്ര മേഖലകൾ (വിദേശ യാനങ്ങളുടെ  മീൻപിടുത്ത നിയന്ത്രണം)നിയമം, 1981, ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. | 1981-ലെ 42 |
| | (2) അത്തരത്തിലുള്ള അസാധുവാക്കൽ ഉണ്ടെങ്കിൽത്തന്നെയും ഏതെങ്കിലും അറിയിപ്പ്, ഉത്തരവ്, നിയമനങ്ങൾ (നിയോഗങ്ങൾ), സാക്ഷിപത്രങ്ങൾ, വിജ്ഞാപനം (പരസ്യം) അല്ലെങ്കിൽ സ്വീകാരപത്രം നൽകിയത്, അപേക്ഷ നൽകിയത് (ഉണ്ടാക്കിയത് / സമർപ്പിച്ചത്), അല്ലെങ്കിൽ ലൈസൻസ് അനുവദിച്ചത്, ഉൾപ്പെടെ എന്തെങ്കിലും ഈ നിയമ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്തത് അങ്ങനെ റദ്ദാക്കിയ നിയമപ്രകാരം ചെയ്താലോ അല്ലെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചാലോ ഈ നിയമത്തിന്റെ അനുബന്ധ വ്യവസ്ഥകളുടെ കീഴിൽ ചെയ്തതായി അല്ലെങ്കിൽ എടുത്തതായി കണക്കാക്കും | |